**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 69 — 23-01-2018 -ൽ മറുപടിക്ക്

## ഓഖി ദുരന്തം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ സംസ്ഥാനത്തിനുണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ) | ഉണ്ട്. ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ 431 കോടിയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>തകർന്ന ബോട്ടുകൾ: 384<br>പൂർണ്ണമായും തകർന്ന വീടുകൾ: 248<br>വാസയോഗ്യമല്ലാതായ വീടുകൾ: 3253<br>തകർന്ന കടിലുകൾ: 270<br>കൃഷി നഷ്ടം: 7817.38 ഹെക്ടർ |
| ബി) | ഇത് ദേശീയ ദുരന്തമായി പ്രഖ്യാപിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; | ബി) | ആവശ്യപ്പെട്ടിരുന്നു. |
| സി) | ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപയുടെ ധനസഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നത്; | സി) | ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 431 കോടി രൂപയുടെ അടിയന്തിര സഹായവും, ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് തീരദേശവാസികൾക്ക് സംരക്ഷണം നൽകുന്നതിനായി 7340.45 കോടി രൂപയുടെ ദീർഘകാല പുനരധിവാസ പാക്കേജും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | കേന്ദ്രസഹായമായി എന്തു തുക ലഭിച്ചു; | ഡി) | 'അടിയന്തിര ദുരിതാശ്വാസത്തിനായി' ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുൻകൂറായി 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് പരിഗണിച്ച് ദേശീയ ദുരന്ത നിവാരണ സമിതി കേരളത്തിന് അർഹമായ ആകെ ധനസഹായം നിർണ്ണയിക്കുമ്പോൾ ഈ 133 കോടി രൂപ ക്രമീകരിക്കുന്നതാണ്. |
| ഇ) | ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് പ്രകാരം മരണമടഞ്ഞവരുടേയും കാണാതായവരുടെയും ആശ്രിതരിൽ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | ഇ) | ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് പ്രകാരം മരണമടഞ്ഞ / കാണാതായ 32 പേരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് (തിരുവനന്തപുരം-28, കൊല്ലം-2, കണ്ണൂർ -1, കാസർഗോഡ് -1). |
| എഫ്) | വള്ളം, വല മറ്റ് ജീവനോപാധികൾ എന്നിവ നഷ്ടപ്പെട്ടവർ ഉൾപ്പെടെ എല്ലാവർക്കും സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | എഫ്) | 06/12/2017-ലെ സ.ഉ(കൈ)നം.1/2017/ ഡി.എം.ഡി പ്രകാരം ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധനോപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ